(ബി) മുൻ വർഷവും നടപ്പുവർഷവും എത്രകോടി രൂപയുടെ സഹായം സംസ്ഥാനത്ത് ലഭിക്കുകയുണ്ടായി ;

(സി) കേരളത്തിനർഹമായ മുഴുവൻ പദ്ധതി സഹായവും നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ മുൻവർഷവും ഈ വർഷവും നേടിയെടുക്കാൻ കഴിയാതെ പോയ തുക എത്രയാണെന്ന് പറയാമോ ;

(ഡി) നിശ്ചിത കാലയളവിനുള്ളിൽ സംസ്ഥാനത്ത് നിന്നും ഈ പദ്ധതി പ്രകാരമുള്ള മുഴുവൻ സഹായത്തിനും പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായോ ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ടി. എം. ജേക്കബ്) :

(എ) കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച സ്വജൽധാരഗ്രാമീണ ശുദ്ധജല പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്നുണ്ട്.

ഗ്രാമീണ ജനതയ്ക്ക് വേണ്ടി അവർ തന്നെ ആവിഷ്ക്കരിച്ചത് നടപ്പിലാക്കി പരിപാലിക്കുന്ന കുടിവെള്ളപദ്ധതിയാണ് സ്വജൽധാര. 90% കേന്ദ്രസഹായമുള്ള ഈ പദ്ധതിക്ക് ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്കോ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത ഗുണഭോക്തൃസമിതികൾക്കോ സ്കൂൾ പി.ടി.എ.കൾക്കോ അപേക്ഷിക്കാവുന്നതാണ്. ബാക്കി 10 ശതമാനം തുകയിൽ 5 ശതമാനം തുക ഗുണഭോക്താക്കൾ പണമായി സ്വരൂപിക്കുകയും ബാക്കി 5 ശതമാനം പദ്ധതിക്കാവശ്യമായ ഭൂമിയായോ സന്നദ്ധ സേവനമായോ സംഭാവന ചെയ്യുകയും വേണം. പദ്ധതിക്കുള്ള നിശ്ചിത ഫോറത്തിലുള്ള അപേക്ഷകർ തോത് ജില്ലയിലുള്ള ഡിസ്ട്രിക്ട് വാട്ടർ ആന്റ് സാനിട്ടേഷൻ മിഷൻ എന്ന സൊസൈറ്റിക്ക് സമർപ്പിക്കേണ്ടതാണ്.

(ബി) മുൻ വർഷം 8.63 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി കേന്ദ്ര ഗവൺമെന്റ് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക ലഭ്യമായിട്ടില്ല. നടപ്പു വർഷം കേന്ദ്രസഹായമായി 5.04 കോടി രൂപ ലഭിക്കുമെന്നുള്ള അറിയിപ്പ് ലഭിച്ചിട്ടുണ്ട്.

(സി) കേന്ദ്രത്തിനർഹമായ മുഴുവൻ പദ്ധതിസഹായവും നേടിയെടുക്കാനുള്ള നടപടികൾ എടുത്തുവരുന്നു. തുകയൊന്നും പാഴായി പോയിട്ടില്ല.

(ഡി) പദ്ധതി പ്രകാരമുള്ള സഹായത്തിന് പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി. സംസ്ഥാനത്തിന് പദ്ധതി തുക കഴിഞ്ഞ വർഷം നിശ്ചയിച്ചിരുന്നില്ല.

ഇൻഡ്യൻ ഇലക്ട്രിസിറ്റി ആക്ട്-2003

15 (*682) ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. പി. എസ്. സുപാൽ :
ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഡ്യൻ ഇലക്ട്രിസിറ്റി ആക്ട് 2003 സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പുതിയ നിയമം നടപ്പിലാക്കുതോടുകൂടി സംസ്ഥാന വൈദ്യുതി ബോർഡ് ഇല്ലാതാകുമോ ; ബോർഡിന്റെ പ്രവർത്തനം ഏത് വിധത്തിലാണ് പുനഃസംഘടിപ്പിക്കുവാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന് കൂടുതൽ അധികാരങ്ങൾ പുതിയ നിയമത്തിൽ നൽകിയിട്ടുണ്ടോ എന്ന് വിശദമാക്കുമോ ;

(ഡി) ഉൽപ്പാദനം, വിതരണം, പ്രസരണം എന്നീ മേഖലകളിൽ പുതിയ നിയമം സ്വകാര്യ മേഖലയ്ക്ക് നൽകുന്ന അധികാരങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ഇ) ജീവനക്കാരുടേയും സംസ്ഥാനത്തിന്റേയും താൽപ്പര്യത്തിന് അനുസൃതമായി നിയമം നടപ്പിലാക്കുന്നതിന് ഉപദേശം നൽകുന്നതിന് കൺസൾട്ടൻസിയെ നിയമിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) :

(എ) ഇൻഡ്യൻ ഇലക്ട്രിസിറ്റി ആക്ട് 2003 ജൂൺ 10-ാം തീയതി കേന്ദ്ര സർക്കാർ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ജൂൺ 10-ാം തീയതി മുതൽ പ്രാബല്യത്തിൽവരികയും ചെയ്തിട്ടുണ്ട്. പ്രസ്തുത ആക്ടിലെ 190-ാം വകുപ്പ് പ്രകാരം സംസ്ഥാന സർക്കാർ നിയമം നടപ്പിലാക്കുന്നതിലേക്ക് വേണ്ട ചട്ടങ്ങൾ പുറപ്പെടുവിക്കേണ്ടതുണ്ട്.

(ബി) ഇലക്ട്രിസിറ്റി ആക്ട് 2003-ലെ സെക്ഷൻ 172 പ്രകാരം വൈദ്യുതി ബോർഡുകൾക്ക് സ്റ്റേറ്റ് ട്രാൻസ്മിഷൻ യൂട്ടിലിറ്റിയായും ലൈസൻസിയായും ഒരു വർഷത്തേക്ക് തുടരുന്നതിന് വ്യവസ്ഥയുണ്ട്. കൂടാതെ സംസ്ഥാന സർക്കാരും കേന്ദ്രസർക്കാരും ചേർന്ന് തീരുമാനിക്കുന്ന പ്രകാരം മേൽപ്പറഞ്ഞ ഒരു വർഷത്തിനുശേഷം ട്രാൻസ്മിഷൻ യൂട്ടിലിറ്റിയായോ, അഥവാ ലൈസൻസിയായോ തുടരുന്നതിന് സംസ്ഥാന സർക്കാരിന് വൈദ്യുതി ബോർഡിനെ അനുവദിക്കാവുന്നതാണ്. 131-ാം വകുപ്പ് പ്രകാരം സംസ്ഥാന സർക്കാരിന് ഒരു ട്രാൻസ്ഫർ സ്കീം പ്രകാരം ബോർഡിന്റെ വസ്തുവകകളും അതിൻമേലുള്ള അവകാശങ്ങളും ബാദ്ധ്യതകളും ഗവൺമെന്റിൽ നിക്ഷിപ്തമാക്കാവുന്നതും അങ്ങനെ നിക്ഷിപ്തമാകുന്ന അവകാശങ്ങളും സാദ്ധ്യതകളും ഒരു സർക്കാർ കമ്പനിയിലേയോ ട്രാൻസ്ഫർ സ്കീമിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം കൈമാറാവുന്നതാണ്.

(സി) ഉണ്ട്. സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ അധികാരങ്ങൾ ഇലക്ട്രിസിറ്റി ആക്ട് 2003-ലെ സെക്ഷൻ 36-ൽ വിശദീകരിക്കുന്നുണ്ട്. ഇതനുസരിച്ചുള്ള പ്രധാന അധികാരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വൈദ്യുതി ഉൽപ്പാദന മേഖലയിൽ ലൈസൻസ് ആവശ്യമില്ലാത്തതിനാൽ സ്വകാര്യമേഖലയ്ക്ക് സ്വതന്ത്രമായി ഉൽപ്പാദനമേഖലയിൽ കടന്നു വരാം. എന്നാൽ വൈദ്യുതി പ്രസരണ വിതരണ മേഖലകളിൽ ലൈസൻസ് ആവശ്യമുള്ളതിനാൽ സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ നിയന്ത്രണത്തോടുകൂടി മാത്രമേ അവർക്ക് ഈ രംഗത്ത് കടന്നുവരാൻ സാധിക്കുകയുള്ളു.

(ഇ) കൺസൾട്ടൻസിയെ നിയമിക്കുന്നതിനെപ്പറ്റി തീരുമാനമായിട്ടില്ല.

ആദിവാസി പുനരധിവാസ മിഷൻ

16 (*683) ശ്രീ. പി. നാരായണൻ :
ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു ആദിവാസി പുനരധിവാസ മിഷൻ രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് രൂപീകരിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ മിഷന്റെ പ്രവർത്തനലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) ഇതിൽ ഇതുവരെയുള്ള പ്രവർത്തനംമൂലം ആദിവാസികൾക്ക് എന്തെങ്കിലും നേട്ടമുണ്ടായിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ) :

(എ) ഉണ്ട്. 9-11-2001-ലെ ജി.ഒ. (പി) നമ്പർ 63/2001/പജപവവിവ പ്രകാരമാണ് ആദിവാസി പുനരധിവാസ വികസന മിഷൻ രൂപീകരിച്ചത്.

(ബി) സംസ്ഥാനത്തെ ഭൂരഹിതരും ഭൂമി കുറവുള്ളവരുമായ ആദിവാസികൾക്ക് ഒരേക്കറിൽ കുറയാതെയും ഭൂമിയുടെ ലഭ്യതയനുസരിച്ച് അഞ്ചേക്കർവരെയും ഭൂമി വിതരണം ചെയ്യുക. അവരെ പുനരധിവസിപ്പിക്കുക, അവരുടെ സർവ്വോന്മുഖമായ ക്ഷേമപ്രവർത്തനങ്ങൾ നടത്തുക ഇവയാണ് മിഷന്റെ പ്രവർത്തനലക്ഷ്യങ്ങൾ.

(സി) ഉണ്ട്. ഇതുവരെ 1429 കുടുംബങ്ങൾക്കായി 2255.586 ഏക്കർ ഭൂമി വിതരണം ചെയ്യുകയും ഇവിടത്തെ വികസനപ്രവർത്തനങ്ങൾക്കായി 5,52,13,563 രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. വികസനപ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ 7561.48 ഏക്കർ ഭൂമികൂടി വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. ആറളംഫാം കേന്ദ്ര ഗവൺമെന്റിൽനിന്നും വിട്ടുകിട്ടിയാൽ പകുതിഭാഗം (3008 ഏക്കർ) ആദിവാസികൾക്ക് വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. 12105 ഹെക്ടർ വനഭൂമി വിട്ടുകിട്ടുന്നതിന് കേന്ദ്ര സർക്കാരുമായി ചർച്ചകൾ തുടരുന്നുണ്ട്. കൂടാതെ വിതരണം ചെയ്താൽ കണ്ടെത്താവുന്ന പരമാവധി ഭൂമി കണ്ടെത്തുന്നതിന് ചീഫ് സെക്രട്ടറി കൺവീനറായി രൂപീകരിച്ച കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ പരിഗണിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly